## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം:- ആ.വ.ഡ.- സീനിയർ ക്ലാർക്കുമാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ശ്രീ. മധു പി. ബാബു. സമർപ്പിച്ച അപേക്ഷ പരിഗണിച്ച് സീനിയോരിറ്റി പട്ടികയിൽ നൽകിയ താൽക്കാലിക സ്ഥാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നു.

സൂചന: 1. കോട്ടയം ജില്ലാ മെഡിക്കൽ ആഫീസറുടെ എ2-2864/2019/തീയതി 18/02/2019.

2. ഈ ആഫീസിലെ ഉത്തരവ് നമ്പർ ഇഎസ്2/40318/12/ആ.വ.ഡ. തീയതി 15/12/2014.
3. ഉത്തരവ് നം. ഇഡിμ-03/2018/ആ.വ.ഡ. തീയതി 13/02/2019.
4. ഉത്തരവ് നം. എ2-10620/2000/ജി.മെ.ആ. കോട്ടയം തീയതി 02/03/2001.
5. 09/04/2019-ലെ ഈ ആഫീസിലെ ഇതേ നം. നോട്ടീസ്.

## ഉത്തരവ് നം. ഇഎസ്2-12550/19/ആ.വ.ഡ. തീയതി: 26 /04/2019.

സീനിയർ ക്ലാർക്കുമാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ ചേര് ഉൾപ്പെടുത്തുന്നതിനായി കോട്ടയം ജനറൽ ആശുപത്രിയിലെ സീനിയർ ക്ലാർക്ക് ശ്രീ. മധു പി. ബാബുവിന്റെ അപേക്ഷ സൂചന (1) പ്രകാരം കോട്ടയം ജില്ലാ മെഡിക്കൽ ആഫീസർ അയച്ചു തന്നിരിക്കുന്നു.

ശ്രീ. മധു പി. ബാബു. 10/07/1995-ന് എൽ.ഡി. ക്ലാർക്കായി സർവ്വീസിൽ പ്രവേശിച്ചു. വകുപ്പ് തല പരീക്ഷകൾ പാസ്സായതിനെ തുടർന്ന് സൂചന (4) ഉത്തരവ് പ്രകാരം പരിവീക്ഷണകാലം പൂർത്തിയാക്കിയതായി കോട്ടയം ജില്ലാ മെഡിക്കൽ ആഫീസർ ഉത്തരവായിട്ടുമുണ്ട്. സൂചന (3) ഉത്തരവ് പ്രകാരം ശ്രീ. മധു പി. ബാബു.-വിനെ സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകുകയും ചെയ്തിട്ടുണ്ട്.

ആയതിനാൽ സീനിയർ ക്ലാർക്കുമാരുടെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയോരിറ്റി പട്ടികയിൽ ശ്രീ. മധു പി. ബാബു.-വിന് **289 A** സ്ഥാനം നൽകി ഉൾപ്പെടുത്തുന്നതിന് താൽക്കാലികമായി തീരുമാനിച്ച് സൂചന (5) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത തീരുമാനത്തിനെതിരെ യാതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിൽ ശ്രീ. മധു പി. ബാബുവിനെ 17/06/2000 മുതൽ 31/08/2012 വരെയുള്ള കാലയളവിലെ സീനിയർ ക്ലാർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ **289 A** സ്ഥാനം നൽകി ഉൾപ്പെടുത്തുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരുന്നത് സ്ഥിരീകരിച്ച് ഉത്തരവാകുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | വകുപ്പുതല പരീക്ഷകളിൽ യോഗ്യത നേടിയ തീയതി | എൽ.ഡി.സി. റാങ്ക് നം. | സീനിയർ ക്ലാർക്ക് നിലവിലുള്ള റാങ്ക് നം. | സീനിയർ ക്ലാർക്ക്റാങ്ക് ലിസ്റ്റിൽ പിന്നീട് അനുവദിച്ച റാങ്ക് നം. |
|---|---|---|---|---|---|---|---|
| 1 | Sri. M. Sudheer | 24/03/1972 | 05/07/1995 | MOP 12/99<br>AT(L) 12/2000<br>AT(H) 12/2000 | 123 (94/97) | 289 | — |
| 2 | Sri. Madhu P. Babu | 20/05/1973 | 08/07/1995 | MOP 6/99<br>AT(L) 6/99 | 124 (94/97) | — | 289 A |
| 3 | Sri. Balan. M.V. | 12/04/1963 | 26/12/1988 | MOP 6/96<br>AT(L) 6/98 | 125 A | 290 | — |

– ഒപ്പ് –

അബ്ദുൾ നാസർ പുലത്ത്,

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ.

സ്വീകർത്താവ്:-

ശ്രീ. മധു പി. ബാബു. സീനിയർ ക്ലാർക്ക്, ജനറൽ ആശുപത്രി, കോട്ടയം.

പകർപ്പ്:-

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും.
2. ബന്ധപ്പെട്ട സ്ഥാപന മേലധികാരികൾ.
3. ഇ.ഡി. സെക്ഷൻ.
4. വെബ്സൈറ്റ്.

3/5

// അംഗീകാരത്തോടെ//

സൂപ്രണ്ട്.

വി.എസ്/കെ 26/4/19

GOVERNMENT OF KERALA 2017-18